# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:28.01.2025**

## പ്രധാനവാർത്തകൾ

1.) 38-ാമത് ദേശീയ ഗെയിംസിൻറെ ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്രമോദി അൽപസമയത്തിനകം നിർവഹിക്കും. ഉദ്ഘാടനച്ചടങ്ങ് ഡെറാഡൂണിൽ പുരോഗമിക്കുന്നു.

2) കയറ്റുമതി പ്രോത്സാഹന നയം 2025 ന് സംസ്ഥാന മന്ത്രിസഭയുടെ അംഗീകാരം. കാരണവർ വധക്കേസിലെ പ്രതി ഷെറിൻറെ ജീവപര്യന്തം ശിക്ഷയിൽ ഇളവ് വരുത്താനും മന്ത്രിസഭയുടെ അനുമതി.

3) വിഴിഞ്ഞം തുറമുഖം രാജ്യത്തിൻറെ സമ്പദ് വ്യവസ്ഥയെ മെച്ചപ്പെടുത്താൻ പ്രധാന പങ്കുവഹിക്കുന്നതായി ധനമന്ത്രി കെ എൻ ബാലഗോപാൽ.

4) നെന്മാറ ഇരട്ടക്കൊലപാതകക്കേസ് പ്രതിക്കായി പോലീസ് തിരച്ചിൽ തുടരുന്നു. സംഭവം തടയുന്നതിൽ പോലീസിന് വീഴ്ച പറ്റിയതായി എസ്.പിയുടെ റിപ്പോർട്ട്.

5) സംസ്ഥാനത്ത് താപനില ഇന്നും നാളെയും 3 ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയെന്ന് കാലാവസ്ഥാ മുന്നറിയിപ്പ്.

6) ഐസിസി ക്രിക്കറ്റർ ഓഫ് ദ ഇയർ പുരസ്കാരം ഇന്ത്യൻ താരം ജസ്പ്രീത് ബുംറക്ക്

RNU TVPM

**************************************

## പ്രധാനമന്ത്രി - നാഷണൽ ഗെയിംസ്

38-ാമത് ദേശീയ ഗെയിംസിൻറെ ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്രമോദി അൽപസമയത്തിനകം നിർവഹിക്കും. ഡെറാഡൂണിലെ മഹാറാണ പ്രതാപ് സ്റ്റേഡിയത്തിൽ ഉദ്ഘാടനച്ചടങ്ങ് പുരോഗമിക്കുകയാണ്. ഉത്തരാഖണ്ഡ് മുഖ്യമന്ത്രി പുഷ്കർ സിങ്ങ് ധാമി ഉൾപ്പെടെയുള്ള പ്രമുഖർ ചടങ്ങിൽ പങ്കെടുക്കുന്നു. സംസ്ഥാനത്തെ 11 നഗരങ്ങളിലായി ഫെബ്രുവരി 14 വരെ നടക്കുന്ന ഗെയിംസിൽ 35 ഇനങ്ങളിലായി പതിനായിരത്തോളം പ്രതിഭകൾ മാറ്റുരയ്ക്കും. കേരളത്തിൽ നിന്നും 437 കായിക താരങ്ങളാണ് 29 ഇനങ്ങളിലായി ദേശീയ ഗെയിംസിൽ പങ്കെടുക്കുന്നത്.

**************************************

RNU TVPM

## കയറ്റുമതി പ്രോത്സാഹന നയം

കേരള കയറ്റുമതി പ്രോത്സാഹന നയം 2025 സംസ്ഥാന മന്ത്രിസഭായോഗം അംഗീകരിച്ചു. ആഗോള കയറ്റുമതി രംഗത്ത് കേരളത്തെ പ്രമുഖ കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തോടെയാണ് നയം രൂപീകരിക്കുന്നത്. നിലവിലുള്ള കയറ്റുമതി യൂണിറ്റുകളുടെ ശേഷി മെച്ചപ്പെടുത്തുന്നതിനും നൈപുണ്യവികസനം പ്രോത്സാഹിപ്പിക്കുന്നതിനും നയം സഹായകരമാകും. കയറ്റുമതിയ്ക്ക് അടിസ്ഥാന സൗകര്യപിന്തുണ, വിറ്റുവരവ് അടിസ്ഥാനമാക്കി പാരിതോഷികം, ലോജിസ്റ്റിക് സഹായം തുടങ്ങിയവ ഉറപ്പുവരുത്താനും നയത്തിലൂടെ ലക്ഷ്യമിടുന്നു.

**************************************

## ഭാസ്കര കാരണവർ

ആലപ്പുഴ ചെറിയനാട് ഭാസ്കര കാരണവർ വധക്കേസിലെ പ്രതി ഷെറിൻറെ ജീവപര്യന്തം ശിക്ഷാ കാലയളവിൽ ഇളവ്

നൽകാനും സംസ്ഥാന മന്ത്രിസഭയുടെ അനുമതി. 14 വർഷം ശിക്ഷ പൂർത്തിയാക്കിയ സാഹചര്യത്തിൽ ജയിൽ ഉപദേശക സമിതിയുടെ ശിപാർശ പരിഗണിച്ചാണ് തീരുമാനം. 2009 നവംബർ 7നാണ് ഭർതൃപിതാവ് കൂടിയായ ഭാസ്കര കാരണവരെ ഷെറിനും, മറ്റ് രണ്ട് പ്രതികളും ചേർന്ന് കൊലപ്പെടുത്തിയത്.

*****************************************

## പ്രോസിക്യൂട്ടർ

ഹൈക്കോടതിയിലെ ഗവൺമെൻറ് പ്ലീഡർമാരുടെ മാസവേതനം പരിഷ്ക്കരിക്കാനും മന്ത്രിസഭ തീരുമാനിച്ചു. വർദ്ധനയ്ക്ക് 2022 ജനുവരി ഒന്ന് മുതൽ മുൻകാല പ്രാബല്യമുണ്ടാവും .അഡ്വക്കേറ്റ് ജനലിന്റെയും, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻറേതും ഉൾപ്പെടെ ഫീസ്, അലവൻസ് എന്നിവയും പരിഷ്കരിക്കും.

*****************************************

## വിഴിഞ്ഞം കോൺക്ലേവ് ഇൻട്രോ

വിഴിഞ്ഞം തുറമുഖം കേരളത്തിൻറെ മാത്രമല്ല രാജ്യത്തിൻറെ തന്നെ സമ്പദ് വ്യവസ്ഥയെ മെച്ചപ്പെടുത്താൻ പ്രധാന പങ്കുവഹിക്കുന്നതായി ധനമന്ത്രി കെ എൻ ബാലഗോപാൽ. തുറമുഖത്തിന്റെ വികസനം ലക്ഷ്യമിട്ടുള്ള ആദ്യ വിഴിഞ്ഞം രാജ്യാന്തര കോൺക്ലേവ് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി . നിക്ഷേപകർക്ക് വിശ്വസ്തതയോടെ നിക്ഷേപം നടത്താൻ സാധിക്കുന്ന സ്ഥലമായി കേരളം മാറിയെന്നും, കൂടുതൽ വ്യവസായങ്ങളെ സംസ്ഥാനത്തേക്ക് ആകർഷിക്കാൻ സർക്കാർ നിരവധി പദ്ധതികൾ കൈക്കൊണ്ടതായും അദ്ദേഹം പറഞ്ഞു.

(ഹോൾഡ്) (വോയ്സ്)

PNU TVPM

അന്താരാഷ്ട്ര മാരിടൈം, ലോജിസ്റ്റിക്സ് മേഖലയിലെ സുപ്രധാന കേന്ദ്രമാകാൻ കേരളം തയ്യാറെടുക്കുന്നതിന്റെ ആദ്യ ചുവടു വയ്പ്പാണ് കോൺക്ലേവ്. രണ്ട് ദിവസം നീണ്ട് നിൽക്കുന്ന കോൺക്ലേവിൽ ലോകത്തെ വിവിധ കമ്പനികളിൽ നിന്നായി 300 ലധികം പ്രതിനിധികളും 50-ഓളം പ്രമുഖ നിക്ഷേപകരും പങ്കെടുക്കുന്നുണ്ട്.

*******************************************

## ബീറ്റിംഗ് റിട്രീറ്റ്

സായുധ സേനാവിഭാഗങ്ങളുടെ ബാൻഡുകൾ പങ്കെടുക്കുന്ന ബീറ്റിംഗ് റിട്രീറ്റ് ചടങ്ങ് നാളെ ന്യൂഡൽഹിയിലെ വിജയ് ചൗക്കിൽ നടക്കും. രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി, രാജ്യരക്ഷാമന്ത്രി തുടങ്ങിയ പ്രമുഖർ ചടങ്ങ് വീക്ഷിക്കാനെത്തും. ഐതിഹാസികമായ കദം കദം ബഢയേ ജാ ആലാപനത്തോടെയാവും ചടങ്ങ് ആരംഭിക്കുക.

*******************************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

*******************************************

## നെന്മാറ - തിരച്ചിൽ

നെന്മാറ ഇരട്ട കൊലപാതകത്തിന് ശേഷം ഒളിവിൽപോയ പ്രതി ചെന്താമരയെ കണ്ടെത്താനായി പോലീസ് തിരച്ചിൽ തുടരുന്നു. പ്രതിക്കായി ഡ്രോൺ ഉപയോഗിച്ചുള്ള പരിശോധന വരെ നടക്കുന്നുണ്ടെങ്കിലും ഇതുവരെ ഒരുവിവരവും ലഭിച്ചിട്ടില്ല. തിരുപ്പൂരിലെ ബന്ധുവീട്ടിലും പ്രതി എത്തിയിട്ടില്ലെന്ന് പൊലീസ് പറഞ്ഞു. കൊല്ലപ്പെട്ട സുധാകരന്റെയും അമ്മ ലക്ഷ്മിയുടെയും മൃതദേഹങ്ങൾ ഇന്ന് സംസ്കരിച്ചു. സുധാകരൻറെ ഭാര്യയെ വധിച്ച

RNJTVPM

കേസിൽ ജാമ്യത്തിലായിരുന്ന ചെന്താമരയെ പ്രദേശത്തേക്ക് കടക്കുന്നതിൽ നിന്നും തടയുന്നതിൽ നെന്മാറ എസ്എച്ച്ഒക്ക് പിഴവ് സംഭവിച്ചെന്ന് പാലക്കാട് ജില്ലാ പൊലീസ് മേധാവി ഉത്തരമേഖലാ ഐജിക്ക് റിപ്പോർട്ട് നൽകി. പ്രതി ജാമ്യവ്യവസ്ഥ ലംഘിച്ച് നാട്ടിലെത്തിയ കാര്യം പോലീസിനെ അറിയിച്ചിട്ടും നടപടിയുണ്ടായില്ലെന്നാണ് ബന്ധുക്കളുടെ പരാതി.

****************************************

## പ്രിയങ്ക - വയനാട്

വയനാട്ടിൽ കഴിഞ്ഞ ദിവസം കടുവയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട പഞ്ചാരക്കൊല്ലി സ്വദേശിനി രാധയുടെ വീട്ടിൽ പ്രിയങ്കഗാന്ധി എംപി സന്ദർശനം നടത്തി. ആത്മഹത്യ ചെയ്ത ഡി.സി.സി ട്രഷറർ എൻ.എം വിജയൻറെ വീടും എംപി സന്ദർശിച്ചു. അതേസമയം വന്യജീവി നിയമം ഭേദഗതി ചെയ്യുന്ന കാര്യം പാർലമെന്റിൽ ഉന്നയിക്കണമെന്ന് ആവശ്യപ്പെട്ട് സി പി ഐ എം പ്രവർത്തകർ പ്രിയങ്കാഗാന്ധിക്ക് നേരെ കണിയാരത്ത് കരിങ്കൊടി പ്രതിഷേധം നടത്തി.

RNUTVPM

****************************************

## കെ രാജൻ - പട്ടയം

അതിദരിദ്രർക്കുള്ള പട്ടയ വിതരണ നടപടികൾ അതിവേഗം പൂർത്തിയാക്കണമെന്ന് റവന്യൂ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി മന്ത്രി കെ രാജൻ. തെക്കൻ മേഖലാ റവന്യൂ ഉദ്യോഗസ്ഥരുടെ തിരുവനന്തപുരത്ത് ചേർന്ന യോഗത്തിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. 2025 നവംബർ ഒന്നോടെ അതിദരിദ്രർ ഇല്ലാത്ത സംസ്ഥാനമായി കേരളത്തെ മാറ്റാനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായാണ് ഭൂരഹിതരായ അതിദരിദ്രർക്ക് മാർച്ച് മാസത്തിനകം പട്ടയം നൽകാനുള്ള തീരുമാനം.

****************************************

## വരയാട് - ഇടുക്കി ... ഇൻട്രോ

പ്രമുഖ വിനോദ സഞ്ചാര കേന്ദ്രമായ ഇരവികുളം ദേശീയോദ്യാനത്തിൽ വരയാടുകളുടെ പ്രജനനകാലം തുടങ്ങി. ഫെബ്രുവരി ഒന്നു മുതൽ രണ്ട് മാസത്തേക്ക് ഉദ്യാനം അടച്ചിടും. **വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ..**

(വോയ്സ്)

****************************************

## കഞ്ചാവ് പിടികൂടി

തൃശൂർ റെയിൽവേ സ്റ്റേഷനിൽ പെയിൻറ് പാത്രങ്ങളിൽ കടത്താൻ ശ്രമിച്ച 20 കിലോ കഞ്ചാവ് റെയിൽവേ പോലീസ് പിടികൂടി. സംഭവത്തിൽ പശ്ചിമ ബംഗാൾ സ്വദേശി കമൽകുമാറിനെ കസ്റ്റഡിയിലെടുത്തു.

RJ TVPM

****************************************

## മാധ്യമദിനാഘോഷം

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നാളെ തിരുവനന്തപുരത്ത് നടക്കുന്ന മാധ്യമദിനാഘോഷം നിയമസഭാ സ്പീക്കർ എ എൻ ഷംസീർ ഉദ്ഘാടനം ചെയ്യും. കോർപറേറ്റ്വത്ക്കരണ കാലത്തെ മാധ്യമ പ്രവർത്തനം എന്ന വിഷയത്തിൽ ദ ടെലിഗ്രാഫിലെ എഡിറ്റർ അറ്റ് ലാർജ് ആർ രാജഗോപാൽ പ്രഭാഷണം നടത്തും.

****************************************

## കാലാവസ്ഥ

സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ ഇന്നും നാളെയും 2 മുതൽ 3 ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഉയർന്ന ചൂട് സൂര്യാഘാതത്തിനും, നിർജലീകരണത്തിനും കാരണമാകുമെന്നതിനാൽ പൊതുജനങ്ങൾ ജാഗ്രത പാലിക്കണം. പകൽ 11 മുതൽ ഉച്ചയ്ക്ക് 3 വരെ ശരീരത്തിൽ തുടർച്ചയായി സൂര്യപ്രകാശമേൽക്കുന്നത് ഒഴിവാക്കണം. ദാഹമില്ലെങ്കിലും പരമാവധി ശുദ്ധജലം കുടിക്കണമെന്നും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പൊതുജനങ്ങളോട് അഭ്യർത്ഥിച്ചു.

****************************************

## ജസ്പ്രീത് ബുംറ

2024ലെ ഐസിസി ക്രിക്കറ്റർ ഓഫ് ദ ഇയർ പുരസ്കാരം ഇന്ത്യൻ താരം ജസ്പ്രീത് ബുംറക്ക്. സർ ഗാർഫീൽഡ് സോബേഴ്സ് ട്രോഫി സ്വന്തമാക്കുന്ന അഞ്ചാമത്തെ ഇന്ത്യൻ പുരുഷ താരമാണ് ബുമ്ര. ഇന്നലെ ഐസിസി ടെസ്റ്റ് ക്രിക്കറ്റർ ഓഫ് ദ ഇയർ പുരസ്കാരവും ബുമ്രക്ക് ലഭിച്ചിരുന്നു.

RNU TVPM

****************************************

## യു-19 ക്രിക്കറ്റ്

അണ്ടർ 19 വനിതാ ട്വന്റി 20 ക്രിക്കറ്റ് ലോകകപ്പിൽ സ്കോട്ട്ലന്റിനെതിരെ ഇന്ത്യക്ക് 150 റൺസിൻറെ ജയം. ഇന്ത്യ ഉയർത്തിയ 209 റൺസ് വിജയലക്ഷ്യം പിന്തുടർന്നിറങ്ങിയ സ്കോട്ട്ലന്റിന് 14 ഓവറിൽ 58 റൺസെടുക്കുന്നതിനിടെ മുഴുവൻ വിക്കറ്റുകളും നഷ്ടമാവുകയായിരുന്നു.

****************************************

## ഐ എസ് എൽ

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് പഞ്ചാബ് എഫ് സി - ജംഷഡ്പൂർ എഫ് സി യെ നേരിടും. രാത്രി 7.30 ന് ന്യൂഡൽഹിയിലെ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം.

*****************************************

## ട്വന്റി- 20

ഇന്ത്യ- ഇംഗ്ലണ്ട് മൂന്നാം ടി-20 ക്രിക്കറ്റ് മത്സരം രാജ്കോട്ടിൽ ഇന്ന് വൈകുന്നേരം 7 മണിയ്ക്ക് ആരംഭിക്കും. അഞ്ച് മത്സരങ്ങളുടെ പരമ്പരയിൽ ഇന്ത്യൻ ടീം രണ്ട് കളികൾ ജയിച്ച് മുന്നിട്ട് നിൽക്കുകയാണ്.

*****************************************

## സെൻസെക്സ്

രാജ്യത്തെ ഓഹരി വിപണിയിൽ നേട്ടം. സെൻസെക്സ് 535 പോയിൻറ് ഉയർന്ന് 75901 ലും, നിഫ്റ്റി 128 പോയിൻറ് നേട്ടത്തിൽ 22,957 ലും വ്യാപാരം അവസാനിപ്പിച്ചു.

*************************************************************************************************************

RNU TVPM